<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678</u> <u>17-09-2025 - ൽ മറുപടിയ്ക്ക്</u>

<u>കാഷ്യൂ ബോർഡ് അഴിമതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഷ്യൂ ബോർഡ് നടത്തുന്ന തോട്ടണ്ടി ഇടപാടുകളിൽ അഴിമതി നടക്കുന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം അംഗീകൃത ടെൻഡർ നടപടികൾ (ഇ-ടെൻഡർ/Global tender) പാലിച്ച് സുതാര്യമായാണ് കാഷ്യൂ ബോർഡ് നിലവിൽ തോട്ടണ്ടി ഇറക്കുമതി ചെയ്തു വരുന്നത്. |
| (ബി) | ഘാനയിൽ നിന്നും പഴകിയതും ഗുണമേന്മ കുറഞ്ഞതുമായ പതിനാറായിരം ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തതിൽ വൻ അഴിമതി നടന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോയെന്ന് വിശദീകരിക്കാമോ; | (ബി) | ഘാനയിൽ നിന്നും പഴകിയതും ഗുണമേന്മ കുറഞ്ഞതുമായ തോട്ടണ്ടി ഇറക്കുമതി ചെയ്തതിൽ അഴിമതി സംബന്ധിച്ച് യാതൊരു പരാതിയും വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ വിജിലൻസിന് ലഭിച്ച പരാതി സെപ്റ്റംബർ 16-ന് വകുപ്പിന് നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡ് ഘാനയിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തതിൽ അഴിമതി ആരോപിച്ച് അഡ്വ.വിഷ്ണു സുനിൽ പന്തളം എന്ന വ്യക്തി ബഹു.ഹൈക്കോടതിയിൽ ഒരു പൊതു താൽപര്യ ഹർജി ഫയൽ ചെയ്തതായി കാഷ്യൂ ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | കശുവണ്ടി വികസന കോർപ്പറേഷനിലും കാഷ്യൂ ബോർഡിലും ക്യാപക്സിലും പ്രവർത്തനം സുതാര്യമാക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം അംഗീകൃത ടെൻഡർ നടപടികൾ പാലിച്ച് സുതാര്യമായാണ് കാഷ്യൂ ബോർഡ് നിലവിൽ തോട്ടണ്ടി ഇറക്കുമതി ചെയ്തു വരുന്നത്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും അഴിമതിരഹിതവും സുതാര്യവുമായാണ് പ്രവർത്തിച്ചു വരുന്നത്. നയപരമായ തീരുമാനങ്ങളും ടെൻഡർ, തോട്ടണ്ടി കട്ടിംഗ് ടെസ്റ്റ് എന്നിവയെല്ലാം ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ